## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 640 29/01/2019 ൽ മറുപടിയ്ക്ക്

### നീതി സ്റ്റോറുകളിലേക്കുള്ള സാമ്പിളുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി

| ചോദ്യം<br><br>ശ്രീ.അബ്ദുൽ ഹമീദ്. പി | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള നീതി സ്റ്റോറുകളിലേക്ക് സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിന് ഇ-ടെൻഡറുകൾ സമർപ്പിക്കുന്നവർ നൽകുന്ന സാമ്പിളുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | എ | ഇ-ടെൻഡറുകളിൽ പങ്കെടുത്ത വിതരണക്കാരുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി സഹകരണ സംഘം പ്രതിനിധികൾ, മാനേജിങ്ങ് ഡയറക്ടർ, പർച്ചേസ് മാനേജർ, റീജിയണൽ പ്രതിനിധികൾ, പരിചയ സമ്പന്നരായ ഗോഡൗൺ മാനേജർമാർ എന്നിവർ ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. വിതരണക്കാരുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തി ടി സാമ്പിളുകൾ ഗോഡൗണിലേക്ക് നൽകുകയും, ലോഡുമായി വരുന്ന വിതരണക്കാരുടെ സാധനങ്ങളുമായി ഒത്തു നോക്കി ഇറക്കുകയുമാണ് ചെയ്തു വരുന്നത്. ഉത്സവ കാലങ്ങളിൽ കൺസ്യൂമർ ഫെഡ് വാങ്ങുന്ന എല്ലാ സാധനങ്ങളുടേയും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ധ്യം സിദ്ധിച്ച സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ലബോറട്ടറി ഓഫ് ഇൻഡ്യ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ പരിശോധന നടത്തി ലഭ്യമാക്കുന്ന ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണമേന്മ ഉറപ്പ് വരുത്തിയാണ് സാധനങ്ങൾ വാങ്ങുന്നത്. |
| ബി | പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന എത്ര നീതി സ്റ്റോറുകൾ നിലവിലുണ്ട്; കൂടുതൽ നീതി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ? | ബി | പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന **745** നീതി സ്റ്റോറുകൾ നിലവിലുണ്ട്, കൂടുതൽ നീതി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.